REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 11-06-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **ഭീകരവാദത്തെ ഉന്മൂലനം ചെയ്യേണ്ടതിന്റെ ആവശ്യകത സർവ്വകക്ഷി സംഘങ്ങൾ ലോക രാജ്യങ്ങൾക്കു മുന്നിൽ ഫലപ്രദമായി അവതരിപ്പിച്ചുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **കോഴിക്കോട് തീരത്തിന് സമീപം തീപിടിച്ച വാൻ ഹായി ചരക്കുകപ്പലിലെ നാല് ജീവനക്കാർക്കായി തിരച്ചിൽ തുടരുന്നു- തീ പൂർണമായും നിയന്ത്രണ വിധേയമായിട്ടില്ല.**
- **നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന് ഒൻപത് ദിവസം മാത്രം ശേഷിക്കെ പ്രചാരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി.**
- **സംസ്ഥാനത്ത് കാലവർഷം വീണ്ടും സജീവമാകുന്നു- ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**
- **ലണ്ടനിൽ ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ ഇന്ന് തുടങ്ങും.**

## വാർത്തകൾ വിശദമായി

ഭീകരവാദത്തെ ഉന്മൂലനം ചെയ്യേണ്ടതിന്റെ ആവശ്യകത സർവ്വകക്ഷി സംഘങ്ങൾ വിവിധ രാജ്യങ്ങൾക്കു മുന്നിൽ അവതരിപ്പിച്ച രീതിയെ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രകീർത്തിച്ചു. പഹൽഗാം ഭീകരാക്രമണത്തിന്റെയും ഓപ്പറേഷൻ സിന്ദൂറിന്റെയും സാഹചര്യങ്ങൾ ലോകത്തെ ധരിപ്പിക്കുന്നതിൽ സർവ്വകക്ഷിസംഘങ്ങൾ നിർണായക പങ്ക് വഹിച്ചതായി പ്രധാനമന്ത്രി വിലയിരുത്തി.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

...(വോയ്സ്)...

33 ലോക തലസ്ഥാനങ്ങളിൽ കഴിഞ്ഞ ഏതാനും ആഴ്ചകളിൽ സന്ദർശനം നടത്തിയ സംഘത്തിലെ അംഗങ്ങളുമായി നരേന്ദ്രമോദി ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. സമാധാനം നിലനിർത്താനും, ഭീകരവാദം ഇല്ലായ്മ ചെയ്യാനും ഇന്ത്യയുടെ പ്രതിബദ്ധത സർവ്വകക്ഷി സംഘങ്ങൾ ലോകത്തിനു മുന്നിൽ വ്യക്തമായി അവതരിപ്പിച്ചുവെന്ന് അദ്ദേഹം പറഞ്ഞു.

രാജ്യത്തെ സേവിക്കാൻ അവസരം നൽകിയ പ്രധാനമന്ത്രിയെ അമേരിക്കൻ സംഘത്തിന് നേതൃത്വം നൽകിയ കോൺഗ്രസ് നേതാവ് ഡോ. ശശിതരൂർ അഭിനന്ദിച്ചു. ശ്രീകാന്ത് ഷിൻഡെ, രവിശങ്കർ പ്രസാദ്, കനിമൊഴി, സുപ്രിയ സുലെ, സഞ്ജയ് ഝാ, ബൈജയന്ത് പാണ്ഡ എന്നിവരാണ് സംഘങ്ങൾക്ക് നേതൃത്വം നൽകിയത്.

✪✪✪

ഇന്ത്യയുടെ ചരിത്രത്തിൽ ഭീകരവാദത്തിനെതിരെയുണ്ടായ ഏറ്റവും വലിയ നടപടിയായിരുന്നു ഓപ്പറേഷൻ സിന്ദൂർ എന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് വിലയിരുത്തി. പഹൽഗാമിലുണ്ടായത് ഇന്ത്യൻ പൗരന്മാർക്ക് നേരെയുണ്ടായ ആക്രമണമല്ല, രാജ്യത്തിന്റെ സാമൂഹ്യ ഐക്യത്തിന് നേരെയുണ്ടായ ഏറ്റുമുട്ടലായിരുന്നുവെന്ന് അദ്ദേഹം ഡെറാഡൂണിൽ പറഞ്ഞു.

അന്താരാഷ്ട്ര സമൂഹം പാകിസ്ഥാന്റെ ഭീകരപ്രവർത്തനത്തെ നേരിടാൻ നയതന്ത്രപരവും, സാമ്പത്തികവുമായ സമ്മർദ്ദം ചെലുത്തണമെന്നും കേന്ദ്രമന്ത്രി ആവശ്യപ്പെട്ടു. ദേശീയ സുരക്ഷാ വിഷയങ്ങളിൽ ഇന്ത്യയുടെ മാറിയ കാഴ്ചപ്പാട് ഓപ്പറേഷൻ സിന്ദൂറിലൂടെ ലോകത്തിന് ബോധ്യമായെന്നും രാജ്നാഥ് സിംഗ് പറഞ്ഞു.

✪✪✪

കോഴിക്കോട് തീരത്തിന് സമീപം അപകടത്തിൽപെട്ട വാൻ ഹായി 503 ചരക്കുകപ്പലിലെ തീ അണയ്ക്കാൻ തീര സംരക്ഷണ സേനയുടെ നേതൃത്വത്തിൽ തീവ്രശ്രമം തുടരുന്നു. തീ ഇപ്പോഴും പൂർണമായി നിയന്ത്രണവിധേയമായിട്ടില്ല. കപ്പലിന്റെ മുൻ ഭാഗത്തെ തീ അണയ്ക്കാൻ കഴിഞ്ഞെങ്കിലും കനത്ത പുക ഇപ്പോഴും ഉയരുന്നുണ്ടെന്ന് തീരരക്ഷാ സേന അറിയിച്ചു. കപ്പൽ ഏകദേശം 10-15 ഡിഗ്രി വരെ ഇടതുവശത്തേക്ക് ചരിഞ്ഞിട്ടുമുണ്ട്.

കപ്പലിൽ നിന്ന് കാണാതായ നാല് ജീവനക്കാർക്കായി തിരച്ചിൽ തുടരുകയാണ്.

✪✪✪

കെനിയയിലെ ബസ് അപകടത്തിൽ  മലയാളികൾ മരിച്ച സംഭവത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം അറിയിച്ചു.  നെയ്റോബിയിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ മരിച്ചവരുടെ വിവരങ്ങൾ ഔദ്യോഗികമായി അറിയിച്ചിട്ടില്ലെങ്കിലും  അഞ്ച് മലയാളികൾ മരിച്ചതായാണ് റിപ്പോർട്ട്.

പരിക്കേറ്റ മലയാളികൾ ഉൾപ്പെടെ  ഇന്ത്യൻ പൗരന്മാരെ നെയ്റോബിയിലെ ആശുപത്രികളിലേയ്ക്ക് മാറ്റുമെന്ന്  നോർക്ക വഴി പ്രശ്നത്തിൽ ഇടപെട്ട ലോക കേരള സഭാംഗങ്ങൾ അറിയിച്ചു. നിലവിൽ നെഹ്റൂറുവിലെ ആശുപത്രികളിൽ കഴിയുന്നവരെ നെയ്റോബിയിലെത്തിക്കാൻ ശ്രമം പുരോഗമിക്കുകയാണ്. മരിച്ചവരുടെ  ശരീരങ്ങളും നെയ്റോബിയിലേക്ക് കൊണ്ടുപോകും. തിങ്കളാഴ്ച ഇന്ത്യൻ സമയം വൈകിട്ട് ഏഴു മണിയോടെയാണ് വിനോദ സഞ്ചാരത്തിനു പോയ 28 അംഗ ഇന്ത്യൻ സംഘത്തിന്റെ ടൂറിസ്റ്റ് ബസ് അപകടത്തിൽപ്പെട്ടത്.

✪✪✪

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന് ഒൻപത് ദിവസം മാത്രം ശേഷിക്കെ പ്രചാരണ പ്രവർത്തനങ്ങൾ പരമാവധിയിലേക്ക് നീങ്ങുകയാണ്. വോട്ടർമാരെ നേരിൽ കണ്ട് വോട്ടു തേടുന്നതിലാണ്  പ്രധാന സ്ഥാനാർത്ഥികളെല്ലാം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വരുംദിവസങ്ങളിൽ മഴ കനത്തേക്കുമെന്ന സൂചനകൾക്കിടെ പ്രചാരണച്ചൂട് നിലനിർത്താൻ സ്ഥാനാർത്ഥികൾ വോട്ടർമാർക്കിടയിലേക്ക് ഇറങ്ങിച്ചെല്ലുന്ന തന്ത്രത്തിനാണ് മൂന്ന് മുന്നണികളും കക്ഷിരഹിതരും പദ്ധതി ആസൂത്രണം ചെയ്യുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

പതിവു രാഷ്ട്രീയ വിഷയങ്ങൾക്കപ്പുറം അനന്തു എന്ന വിദ്യാർത്ഥി ഷോക്കേറ്റു മരിച്ച സംഭവം കഴിഞ്ഞ ദിവസങ്ങളിൽ പ്രചാരണത്തിൽ നിറഞ്ഞുനിന്നു. വെൽഫെയർ പാർട്ടി UDF ന് പ്രഖ്യാപിച്ച പിന്തുണയും, PDP യുടെ ഇടതു പിന്തുണയും ചർച്ചകൾക്ക് വഴി തുറന്നിട്ടുണ്ട്.

LDF പ്രചാരണത്തിനു വേണ്ടി,  P പ്രസാദും, P രാജീവുമടക്കം നാല് മന്ത്രിമാർ മണ്ഡലത്തിലുണ്ട്.  പ്രതിപക്ഷ നേതാവിന്റെ സാന്നിധ്യമാണ് UDF ന്റെ

ആവേശം. K സുരേന്ദ്രന്റെയും, ശോഭാ സുരേന്ദ്രന്റെയും നേതൃത്വത്തിലാണ് BJP ക്യാമ്പിന്റെ പ്രചാരണം.

UDF സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിന്റെ രണ്ടാം ഘട്ട പഞ്ചായത്ത് പര്യടനം ഇന്ന് തുടങ്ങും. NDA സ്ഥാനാർത്ഥി മോഹൻ ജോർജ് കരുളായി പഞ്ചായത്തിലാണ് ഇന്ന് പ്രചാരണം സംഘടിപ്പിക്കുന്നത്. LDFസ്ഥാനാർത്ഥി M സ്വരാജിന്റെ പര്യടനം ഇന്ന് പോത്തുകല്ല് പഞ്ചായത്തിലാണ്. PV അൻവറും പ്രചാരണരംഗത്ത് സജീവമാണ്.

✪✪✪

കഴിഞ്ഞ പത്തു വർഷങ്ങളിൽ രാജ്യത്തെ ഇടത്തര - ചെറുകിട വ്യവസായ മേഖല 15 ഇരട്ടി വളർച്ച കൈവരിച്ചതായി കേന്ദ്രമന്ത്രി ജിതൻ റാം മഞ്ചി ന്യൂഡൽഹിയിൽ അറിയിച്ചു. 2016 ലാണ് MSME യ്ക്ക് പ്രത്യേക മന്ത്രാലയം രൂപീകരിച്ചതെന്ന് മഞ്ചി പറ്റ്നയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. തിങ്കളാഴ്ച വരെ ആറു കോടി 46 ലക്ഷത്തിൽപ്പരം സംരംഭങ്ങൾ MSME യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മന്ത്രാലയത്തിന്റെ പിന്തുണയോടെ 28 കോടി ആളുകൾ സ്വയംതൊഴിൽ കണ്ടെത്തിയതായും കേന്ദ്രമന്ത്രി അറിയിച്ചു.

✪✪✪

ഈ മാസം 21 ലെ യോഗ സംഗമത്തിന് ആതിഥേയത്വം വഹിക്കാൻ രാജ്യത്ത് 50,000 ലേറെ സംഘടനകൾ രജിസ്റ്റർ ചെയ്തതായി ആയുഷ് മന്ത്രാലയം അറിയിച്ചു. 11000 ത്തിൽ അധികം സംഘടനകൾ രജിസ്റ്റർ ചെയ്ത രാജസ്ഥാനാണ് സംസ്ഥാനങ്ങളിൽ മുൻനിരയിൽ. 'ഏക ഭൂമിക്കും ഒരേ ആരോഗ്യത്തിനും യോഗ' എന്നതാണ് ഈ വർഷത്തെ യോഗാ ദിന പ്രമേയം.

✪✪✪

ആക്സിയം-4 ബഹിരാകാശ ദൗത്യത്തിന്റെ വിക്ഷേപണം വീണ്ടും മാറ്റി. റോക്കറ്റിന്റെ ബൂസ്റ്ററിൽ കണ്ടെത്തിയ ലിക്വിഡ് ഓക്സിജൻ ചോർച്ചയെ തുടർന്നാണ് വിക്ഷേപണം മാറ്റിയതെന്ന് സ്പേസ് എക്സ് അറിയിച്ചു. പുതിയ വിക്ഷേപണ തീയതി പിന്നീട് അറിയിക്കും.

ഇന്ന് വൈകിട്ട് 5.30-നാണ് വിക്ഷേപണം നിശ്ചയിച്ചിരുന്നത്. ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് യാത്രികരാണ് ദൗത്യത്തിൽ പങ്കെടുക്കുന്നത്.

✪✪✪

സംസ്ഥാനത്ത് കാലവർഷം വീണ്ടും സജീവമാകുന്നു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലാണ് മഞ്ഞ ജാഗ്രത നൽകിയിരിക്കുന്നത്.

അടുത്ത ചൊവ്വാഴ്ച വരെ സംസ്ഥാനത്ത് മഴ കൂടാൻ സാധ്യതയുണ്ടെന്നും കേരളത്തിലും ലക്ഷദ്വീപിലും മണിക്കൂറിൽ 40 കി.മീ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

ഇടുക്കിയിലെ കല്ലാർകുട്ടി, പാംബ്ല അണക്കെട്ടുകളുടെ ഷട്ടറുകൾ പുലർച്ചെ ഉയർത്തി. പാംബ്ലയിൽ 50 സെന്റീമീറ്ററും, കല്ലാർകുട്ടിയിൽ ഒരടിയുമാണ് ഷട്ടർ ഉയർത്തിയത്. പെരിയാറിന്റെ തീരവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

ഇടുക്കിയിലെ കല്ലാർകുട്ടി, പാംബ്ല അണക്കെട്ടുകളുടെ ഷട്ടറുകൾ പുലർച്ചെ ഉയർത്തി. പാംബ്ലയിൽ 50 സെന്റീമീറ്ററും, കല്ലാർകുട്ടിയിൽ ഒരടിയുമാണ് ഷട്ടർ ഉയർത്തിയത്. പെരിയാറിന്റെ തീരവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ ധനസഹായം വിതരണം ചെയ്യാൻ 20 കോടി 94 ലക്ഷം രൂപ അനുവദിച്ച് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചതായി മന്ത്രി സജി ചെറിയാൻ അറിയിച്ചു. സമ്പാദ്യ സമാശ്വാസ പദ്ധതിപ്രകാരമാണ് ധനസഹായം നൽകുന്നത്. തൊഴിലാളികളിൽ നിന്ന് പരമാവധി 1,500 രൂപ വീതം തുക സമാഹരിച്ച് മെയ് മുതൽ സെപ്റ്റംബർ വരെ മാസങ്ങളിൽ കേന്ദ്ര- സംസ്ഥാന വിഹിതം കൂടി ചേർത്ത് 4,500 രൂപ വീതമാണ് നൽകുന്നത്. കടൽമേഖലയിലെ ഗുണഭോക്താക്കൾക്ക് തുകവിതരണം ആരംഭിച്ചുകഴിഞ്ഞു. ഉൾനാടൻ മത്സ്യമേഖലയിലെ ഗുണഭോക്താക്കൾക്ക് അടുത്ത മാസമായിരിക്കും ധനസഹായം കൈമാറുക.

✪✪✪

കേന്ദ്രസഹമന്ത്രി ജോർജ് കുര്യന്റെ ലക്ഷദ്വീപ് സന്ദർശനം കവരത്തി ദ്വീപിൽ പുരോഗമിക്കുന്നു. ഇന്നലെ വികസിത് കൃഷി സങ്കല്പ് അഭിയാന്റെ പൊതുപരിപാടികൾ അദ്ദേഹം ഉദ്ഘാടനം ചെയ്തു. കേന്ദ്രപദ്ധതികളുടെ

ഗുണഭോക്താക്കൾക്ക് സഹമന്ത്രി തിരിച്ചറിയൽ കാർഡുകളും അദ്ദേഹം വിതരണം ചെയ്തു.

✪✪✪

വികസിത് കൃഷി സങ്കല്പ് അഭിയാന്റെ ഭാഗമായ കർഷക സമ്പർക്കപരിപാടി കൊല്ലം ജില്ലയിലെ ഒൻപത് ബ്ലോക്കുകളിൽ പൂർത്തിയായി. ഇന്ന് ചിറ്റുമല, ഇത്തിക്കര ബ്ലോക്കുകളിലാണ് പരിപാടി. കൊല്ലം കൃഷിവിജ്ഞാനകേന്ദ്രത്തിലെ ശാസ്ത്രജ്ഞർ കർഷകരുമായി സംവദിക്കും.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് തീർത്ഥാടകർക്കായി KSRTC യുടെ ബജറ്റ് ടൂറിസം സെൽ 100 ട്രിപ്പുകൾ സജ്ജമാക്കിയതായി കണ്ണൂർ DTO V. മനോജ് കുമാർ അറിയിച്ചു. കേരളത്തിലെ എല്ലാ യൂണിറ്റുകളിൽ നിന്നും പ്രത്യേക സർവീസുകൾ ഉണ്ടാവും.

✪✪✪

സംസ്ഥാനത്ത് പലയിടത്തും കൊവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പ്രായമായവരും മറ്റു രോഗങ്ങൾ ബാധിച്ചവരും കൂടുതൽ മുൻകരുതലെടുക്കണമെന്ന് മന്ത്രി വീണാ ജോർജ് നിർദ്ദേശം നൽകി. ഇത്തരക്കാരിൽ കൊവിഡ് ഗുരുതരമായേക്കാം എന്ന വിലയിരുത്തലിനെ തുടർന്നാണ് നിർദ്ദേശം. പൊതു ഇടങ്ങളിലും, യാത്രകളിലും മാസ്ക്ക് ശീലമാക്കണം.

കേരളത്തിൽ ഇപ്പോൾ കാണുന്നത് കൊവിഡിന്റെ LF-7, XFG, തുടങ്ങിയ വകഭേദങ്ങളാണ് . തീവ്രത കൂടുതലല്ലെങ്കിലും വ്യാപനശേഷി ഇതിന് കൂടുതലാണ്. നിലവിൽ 2,223 സജീവ കൊവിഡ് കേസുകൾ സംസ്ഥാനത്തുണ്ട്. 96 പേർ ചികിത്സയിൽ കഴിയുന്നു. എറണാകുളം ജില്ലയിലാണ് കൂടുതൽ രോഗബാധിതർ-431. കോട്ടയത്ത് 426 കേസും, തിരുവനന്തപുരത്ത് 365 കേസും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇന്നലെ തിരുവനന്തപുരത്ത് ചേർന്ന RRT യോഗം, ഡെങ്കിപ്പനി, എലിപ്പനി പ്രതിരോധത്തിന് മൈക്രോപ്ലാൻ അനുസരിച്ച് പ്രവർത്തനങ്ങൾ നടത്താനും തീരുമാനിച്ചു.

✪✪✪

ലണ്ടനിൽ ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ ഇന്ന് തുടങ്ങും. നിലവിൽ ചാമ്പ്യൻമാരായ ഓസ്ട്രേലിയയും ദക്ഷിണാഫ്രിക്കയും തമ്മിലാണ്

പോരാട്ടം. ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് മൂന്നിന് ഇംഗ്ലണ്ടിലെ ലോഡ്സ് ഗ്രൗണ്ടിലാണ് മത്സരം.

✪✪✪

പരാതിക്കാരുടെ പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം ലഭ്യമാക്കണമെന്ന് നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി നിർദേശിച്ചു. കോഴിക്കോട്ടെ സിറ്റിംഗിലാണ് നിർദേശം നൽകിയത്. കാസർകോട് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ നൽകിയ പകരം ഭൂമിയ്ക്ക് പട്ടയം ലഭ്യമാകാതിരുന്ന പരാതിയിൽ 40 ദിവസത്തിനകം പരിഹാരം കാണാൻ റവന്യൂ ഉദ്യോഗസ്ഥർക്ക് സമിതി നിർദേശം നൽകി.

✪✪✪

തിരുവനന്തപുരം ഫോർട്ട് ഹൈസ്കൂളിലെ പ്രവേശനോത്സവത്തിൽ പോക്സോ കേസ് പ്രതി മുഖ്യാതിഥിയായി പങ്കെടുത്ത സംഭവത്തിൽ സ്കൂൾ ഹെഡ്മാസ്റ്ററെ സസ്പെൻഡ് ചെയ്തു. പ്രതി ചടങ്ങിൽ എത്തിയതിൽ ഹെഡ്മാസ്റ്റർക്ക് വീഴ്ചയുണ്ടായെന്ന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

✪✪✪

പോളിടെക്നിക് കോളജ് പ്രവേശനത്തിന് ഓൺലൈൻ അപേക്ഷാ തീയതി ഈ മാസം 16 വരെ നീട്ടി. ഇതുവരെ അപേക്ഷ നൽകാത്തവർക്ക് ഈ അവസരം പ്രയോജനപ്പെടുത്താം.

✪✪✪

സംസ്ഥാനത്തെ രണ്ടാം ഘട്ട പ്ലസ് വൺ പ്രവേശനം ഇന്ന് അവസാനിക്കും. അലോട്ട്മെന്റ് ലഭിച്ചവർക്ക് ഇന്ന് വൈകീട്ട് അഞ്ചു വരെ പ്രവേശനം നേടാം.

✪✪✪

നാളെ ലോക ബാലവേല വിരുദ്ധ ദിനം. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന-ജില്ലാതലങ്ങളിൽ വിവിധ പരിപാടികൾ ഉണ്ടായിരിക്കും. സംസ്ഥാന തല പരിപാടി കൊല്ലം ജില്ലാപഞ്ചായത്ത് ഹാളിൽ മന്ത്രി V ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

✪✪✪

---

*News Editor : ശ്രുതി എം, News Reader: അനിൽ ചന്ദ്രൻ , NRT : സയ്യിദ് അലി ശിഹാബ്, DEO : ഷീബ*